# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4257 13.12.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ട സംവരണത്തിനുള്ള കായിക വകുപ്പ് തീരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട സംവരണം പി.എസ്.സി.യുടെ നിയമനങ്ങളിൽ ഏർപ്പെടുത്തുവാൻ എന്തെങ്കിലും തീരുമാനം കായിക വകുപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരള സർക്കാർ സർവ്വീസിലേയ്ക്ക് പി.എസ്.സി നടത്തുന്ന നിയമനങ്ങളിൽ കായികതാരങ്ങൾക്ക് 1% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ പ്രതിനിധികളും പി.എസ്.സിയുടെ ചെയർമാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് ചേർന്ന ജോയിന്റ് സിറ്റിംഗിൽ, ഭാവിയിൽ ഉടലെടുക്കുന്ന ഒഴിവുകളുടെ 1% കണക്കാക്കി ടി ഒഴിവുകളിലേക്ക് "Special Recruitment for Sports" എന്ന രീതി അവലംബിക്കുന്നതാണ് അർഹരായ കായികതാരങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിന് അനുയോജ്യം എന്ന് വിലയിരുത്തിയിരുന്നു. ഇതു സംബന്ധിച്ചുള്ള തുടർ ചർച്ചകൾ പുരോഗമിക്കുന്നു. കൂടാതെ കായികതാരങ്ങൾക്ക് അവരുടെ കായിക മികവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി മത്സര പരീക്ഷകൾക്ക് വെയിറ്റേജ് മാർക്ക് നൽകി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ മേഖലയിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കായികവകുപ്പ് ജോലി നൽകി; വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച |

| | | | |
|---|---|---|---|
| | | | അനിൽഡ തോമസ്, അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആഭ്യന്തര വകുപ്പിലും ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.<br>ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.<br>2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിലും നിയമനം നൽകിയിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനങ്ങളിൽ കായികതാരങ്ങളെ നിയമിച്ചതിന്റെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | ഇനി എത്ര കായിക താരങ്ങൾക്കുകൂടി ജോലി ലഭിക്കുവാനുണ്ട്; കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ? | (സി) | സ്പോർട്സ് ക്വാട്ട നിയമനപദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും, നിയമന നടപടികൾക്കുള്ള കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയും വരുന്നു. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**